# കേരളപാഠാവലി

## മലയാളം

INSTITUTE OF CHILDREN'S LIT
Date
STATE TRIVANDRUM



1

INSTITUTE OF CHILDREN'S LITERATURE TRIVANDRUM
Date

# കേരള പാഠാവലി

## മലയാളം

### സ്റ്റാൻഡേർഡ് 1

1981

വില രൂ. 1-40

©
Government of Kerala
1981

INSTITUTE OF CHILDREN'S LITERATURE
Date No. 920
STATE · TRIVANDRUM

# പാഠം 1



പറ

പ റ

| | |
|---|---|
| പ | റ |
| റ | പ |

# പാഠം 2



പന

പ ന

| | | |
|---|---|---|
| റ | പ | ന |

പറ പന

# പാഠം 3



തറ

ത റ

| | | | |
|---|---|---|---|
| റ | പ | ന | ത |

പറ തറ

പന പത

# പാഠം 4



തല

ത ല

| | | | | |
|---|---|---|---|---|
| റ | ന | ത | പ | ല |

പന പല

തറ തല

# പാഠം 5



## വല

വ ല

| | | | | | |
|---|---|---|---|---|---|
| റ | വ | പ | ന | ത | ല |

തല വല

പല റവ

പറവ

# പരീക്ഷ 1 (പാഠം 1—5)

ഓരോ ചിത്രത്തിന്റെയും നേരെ വിട്ടുപോയ അക്ഷരം ചേർക്കുക.



പ —



— ല



— ല



— റ

## പാഠം 6



# മല

# മ ല

മല മറ

പത പന

വല തല

# പാഠം 7

 

മാല                പാത

മാ   ല            പാ   ത

| | |
|---|---|
| മ | മാ |
| റ | റാ |
| ന | നാ |

| | |
|---|---|
| പ | പാ |
| ത | താ |
| വ | വാ |

മല        മാല

പത        പാത

പറ        പാറ

പന        പാന

# പാഠം 8



## താമര

താ മ ര

| | |
|---|---|
| മ | മാ |
| ത | താ |
| ര | രാ |

വര നര രമ

## പാഠം 9





മരം പാലം

മ രം പാ ലം

| | |
|---|---|
| ര | രം |
| ല | ലം |
| പ | പം |
| വ | വം |
| ത | തം |
| മ | മം |
| ന | നം |
| റ | റം |

മരം മാനം

തരം താരം

പാവം പാലം താലം

| | |
|---|---|
| രം | രാം |
| റം | റാം |
| നം | നാം |
| തം | താം |
| ലം | ലാം |
| പം | പാം |
| വം | വാം |
| മം | മാം |

തരം തരാം

വരം വരാം

# പാഠം 10



അരം



ആന

| അ | ആ |
|---|---|

അല ആല

അറ ആമ

ആന പാന

| ആ | ാ |
| --- | --- |

പറ പാറ

പത പാത

മല മാല

ആമ പാവം.

# പരീക്ഷ 2 (പാഠം 6 — 10)

ഓരോ ചിത്രത്തിന്റെയും നേരെ വിട്ടുപോയ അക്ഷരം ചേർക്കുക.



— ല



മാ —



— ത



താമ —



മ —

# പരീക്ഷ 2 (തുടർച്ച)



— രം



— ന



ആ —



— ലം



താ —



BT 180–2

# പാഠം 11



# അരണ

ണ ണാ ണം ണാം

അണ പണം മണം

തരണം വരണം

രമ വരണം.

മാല തരണം.

# പാഠം 12





ഇല　　　　മണി

| | |
|---|---|
| ഇ | ി |

ഇമ　　　ഇണ　　　ഇര

| | |
|---|---|
| ണ | ണി |
| ന | നി |
| വ | വി |
| ര | രി |

അരി ആണി പണി

നിറം നിലം വില

താമര പല നിറം.

പണി പല തരം.

അരി തരാം. വില തരണം.

ഒന്നാനാം കുന്നിൻമേൽ
ഓരടി മണ്ണിൻമേൽ
ഓരായിരം കിളി കൂടുവച്ചു.
കൂട്ടിന്നിളം കിളി താമരപ്പൈങ്കിളി
താനിരുന്നാടുന്ന പൊന്നോല.

## പാഠം 13

| | |
|---|---|
| ഇ | ഈ |

ഇറ ഈറ

ഇണ ഈണം



# പീലി

| | |
|---|---|
| ഇ | ി |
| ഈ | ീ |

| | |
|---|---|
| പി | പീ |
| വി | വീ |
| മി | മീ |
| ലി | ലീ |
| റി | റീ |
| രി | രീ |
| തി | തീ |
| നി | നീ |

നിലം
താലി
മീര



വീണ

നീലം
പീലി
ലീല

ലീല വരണം.

പീലി തരാം.

മീര വരണം.

വീണ തരാം.

# പാഠം 14



## ത വ ള

| | | | | | |
|---|---|---|---|---|---|
| ള | ളാ | ളി | ളീ | ളം | ളാം |

തല തള വല വള

നീലം നീളം താലം താളം

വില വിള

ലീല തള മാറ്റി.

# പാഠം 15



ഉറി



പുലി

| | |
|---|---|
| ഉ | ു |

| | |
|---|---|
| പ | പു |
| ര | രു |
| ത | തു |
| ന | നു |
| മ | മു |

ഉമ ഉമി ഉളി

മുറം പുര തുണ

വരും തരും

ഉമ വരും. ഉറി തരും.

ലീല വരും. മാല തരും.

# പരീക്ഷ 3 (11—15)

വിട്ടുപോയ അക്ഷരം ചേർക്കുക.



— ല



മ —



— ലി



തവ —



— റി



— റം

## പാഠം 16

| | |
|---|---|
| അ | ആ |
| ഇ | ഈ |
| ഉ | ഊ |

ഉമ
ഉരി
ഉല

ഊമ
ഊരി
ഊതി




രൂപ

| | |
|---|---|
| ഉ | ു |
| ഊ | ൂ |

| | | |
|---|---|---|
| ര | രു | രൂ |
| പ | പു | പൂ |
| മ | മു | മൂ |

മൂല മൂളി

വരൂ തരൂ

രമ വള ഊരി.

ഉമ തീ ഊതി.

വീണ തരൂ.

രൂപ തരാം.

# പാഠം 17



പൂവ്

| |
|---|
| വ് |

| | |
|---|---|
| വ | വ് |
| ല | ല് |
| ത | ത് |

നാല് നാവ്
നൂറ് ആറ്
അത് ഇത്
വീണു താണു

## പാഠം 18



കലം



കാള

| | | | | | |
|---|---|---|---|---|---|
| ക | കാ | കി | കീ | കു | കൂ |

INSTITUTE OF CHILDREN'S LIT...
Date ...
S.I.V.I.S. TRIVANDRUM

കളി കാളി

കിളി കീരി

കുളി കൂലി

കുരുവി കൂവി

അകം നുകം

നാണു വിറകു കീറി.

കൂലി നാലു രൂപ.

## പാഠം 19





ചവണ കുട

| | | | | | |
|---|---|---|---|---|---|
| ച | ചാ | ചി | ചീ | ചു | ചൂ |
| ട | ടാ | ടി | ടീ | ടു | ടൂ |

ചകിരി ചാരം

ചിരി ചീര

ചുമട് ചൂട്

| | |
|---|---|
| അടി | ഇടി |
| വട | വടി |
| ആട് | വീട് |
| ആടി | ചാടി |
| പാടി | ചൂടി |

കുതിര ചാടി.

കിളി പാടി.

ചീര വാടി.

ഉമ പൂ ചൂടി.

രമ വീടു മാറി.

| | | | | |
|---|---|---|---|---|
| ക | ച | ട | ത | പ |

# പാഠം 20





കതിർ

മാൻ



തൂൺ

കാർ തളിർ മലർ

രാമൻ അവൻ ഇവൻ

മീൻ കൂമൻ പൂവൻ

കൺമണി മൺകലം

കൂമൻ മൂളി.

പൂവൻ കൂവി.

തളിർ വാടി.



മൂളുന്ന വണ്ടേ മുരളുന്ന വണ്ടേ
താമരച്ചോലയിൽത്തേനുണ്ടോ വണ്ടേ?



# പാഠം 21





# ഉരൽ  അരിവാൾ

| | |
|---|---|
| റ | ർ |
| ണ | ൺ |
| ന | ൻ |
| ല | ൽ |
| ള | ൾ |

പാൽ കാൽ

തൂവൽ വാതിൽ

വിരൽ കടൽ

അവൾ ഇവൾ

ആൽ ആൾ

അരിവാൾ ആൽമരം

ഈ മരം ആൽമരം.

രാമൻ വാതിൽ ചാരി.

അവൾ അരിവാൾ രാവി.

ആട് പാൽ തരും.

# പരീക്ഷ 4 (പാഠം 16 — 21)

ഓരോ ചിത്രത്തിന്റെയും നേരെ വിട്ടുപോയ അക്ഷരം ചേർക്കുക.



വീ —



— മൻ



— ള



— രവ



വ —

# പരീക്ഷ 4 (തുടർച്ച)

ഓരോ ചിത്രത്തിന്റെയും പേർ
പറയുകയും എഴുതുകയും ചെയ്യുക.



## പാഠം 22



മുയൽ



മയിൽ

| യ |
|---|

വയൽ
ചായ

കുയിൽ
ചായം



# വാഴ

## ഴ

മഴ മഴു

പഴം മുഴം

പുഴ പുഴു ഉഴുതു

മഴ ചാറി.

രാമൻ വയൽ ഉഴുതു.

മയിലുകൾ ആടി.

കുയിലുകൾ പാടി.

മാനും മുയലും ചാടി.

| | | | |
|---|---|---|---|
| യ | ര | ല | വ |

| | | |
|---|---|---|
| ള | ഴ | റ |

# പാഠം 23



കാക്ക



പൂച്ച

| | |
|---|---|
| ക | ക്ക |
| ച | ച്ച |

| | | | | | |
|---|---|---|---|---|---|
| ക്ക | ക്കാ | ക്കി | ക്കീ | ക്കു | ക്കൂ |
| ച്ച | ച്ചാ | ച്ചി | ച്ചീ | ച്ചു | ച്ചൂ |

ചക്ക ചർക്ക
ഈച്ച പച്ച
കലക്കി മുഴക്കി
അടിച്ചു ഉടച്ചു
കുടിച്ചു കുലച്ചു

മാനം ഇടി മുഴക്കി.

ആന കുളം കലക്കി.

വാഴ കുലച്ചു.

ആട് ഇല കടിച്ചു.

പൂച്ച പാൽ കുടിച്ചു.

മൺകലം ഉടച്ചു.

മടിയൻ മല ചുമക്കും.

# പാഠം 24





ചാട്ട തത്ത

| | |
|---|---|
| ട | ട്ട |
| ത | ത്ത |

മുട്ട പട്ടം

കുട്ടി പട്ടി

തത്ത കത്തി

വിത്ത് പത്ത്

# വിടർത്തി പരത്തി പറത്തി

തത്ത ചിറകു വിടർത്തി.
മയിൽ പീലി പരത്തി.
കുട്ടി പട്ടം പറത്തി.
കുട്ടൻ വയലിൽ വിത്തു വിതച്ചു.



റാകിപ്പറക്കുന്ന ചെമ്പരുന്തേ
നീയുണ്ടോ മാമാങ്കവേല കണ്ടു?
വേലയും കണ്ടു വിളക്കും കണ്ടു
കടലിൽത്തിര കണ്ടു കപ്പൽ കണ്ടു.



# പാഠം 25




## കപ്പൽ



## അണ്ണാൻ

| | |
|---|---|
| പ | പ്പ |
| ണ | ണ്ണ |

അപ്പം കാപ്പി

അപ്പു ഉപ്പ്

കലപ്പ പപ്പടം

ചക്കപ്പഴം കർപ്പൂരം

തിണ്ണ അണ്ണാൻ

ഉണ്ണി കണ്ണീർ

കണ്ണ് കിണ്ണം

കാള കലപ്പ വലിച്ചു.
ഉണ്ണി കുഴൽ വിളിച്ചു.
പച്ചക്കിളി പാട്ടു പാടി.
അണ്ണാൻ മരത്തിൽക്കയറി.
വാൽ ഉയർത്തി.

# പാഠം 26





കമ്മൽ വള്ളി

| | |
|---|---|
| മ | മ്മ |
| ള | ള്ള |
| ന | ന്ന |

അമ്മ ഉമ്മ അമ്മു

അമ്മാമൻ അമ്മായി

ചിമ്മിനി

തള്ള പള്ളി ഉള്ളി

കള്ളൻ തുള്ളൽ വള്ളം

മിന്നൽ മിന്നി കുന്ന്

വന്നു നിന്നു

തന്നു തിന്നു

അണ്ണൻ വന്നു. കമ്മൽ തന്നു.

അമ്മു കമ്മൽ കാതിൽ ഇട്ടു.

അമ്മ വന്ന് ഉമ്മ തന്നു.

വള്ളി പൂത്തു. പൂ നിരന്നു.

# പരീക്ഷ 5 (പാഠം 22—26)

**ഓരോ ചിത്രത്തിന്റെയും പേർ പറയുകയും എഴുതുകയും ചെയ്യുക.**



# പരീക്ഷ 5 (തുടർച്ച)

**ചിത്രത്തിൽ എന്താണ് കാണുന്നത് ?**
**ഒരു വാക്യത്തിൽ ഉത്തരം പറയുക.**



## പാഠം 27





# കറ്റ പല്ലി

| | |
|---|---|
| റ്റ | ല്ല |

| | | |
|---|---|---|
| പാറ്റ | തീറ്റി | മുറ്റം |
| അറ്റം | കാറ്റ് | ചുറ്റിക |
| അല്ല | ഇല്ല | നല്ല |
| മുല്ല | കല്ല് | പല്ല് |

| | |
|---|---|
| ച | ച്ച |
| വ | വ്വ |
| യ | യ്യ |

| | |
|---|---|
| പയ്യൻ | തയ്യൽക്കാരൻ |
| വയ്യാ | അയ്യപ്പൻ |
| വവ്വാൽ | ഉവ്വ് |

മുല്ല പൂത്തു.

മുറ്റത്ത് നല്ല മണം പരന്നു.

അമ്മിണി പൂ പറിച്ചു.

തയ്യൽക്കാരൻ ഉടുപ്പു തുന്നി.

അമ്മിണി ഉടുപ്പിട്ടു പൂ ചൂടി.

വീട്ടിൽ അമ്മ ഇല്ല.

അടുപ്പിൽ തീയും ഇല്ല.

| | |
|---|---|
| റ | ൻറ |

## പാഠം 28





# എരുമ ഏണി

| | |
|---|---|
| എ | ഏ |

| | | | | | | | |
|---|---|---|---|---|---|---|---|
| അ | ആ | ഇ | ഈ | ഉ | ഊ | എ | ഏ |

എലി എണ്ണ എള്ള്

എല്ല് എല്ലാം എട്ട്

ഏലം ഏഴ് ഏത്തം

എള്ളാട്ടിയാൽ എണ്ണ കിട്ടും.

ഏത്തപ്പഴം തന്നാൽ തിന്നാം.

# പാഠം 29





## പെട്ടി     പേന

| | |
|---|---|
| എ | െ |
| ഏ | േ |

| | | |
|---|---|---|
| ക | കെ | കേ |
| ച | ചെ | ചേ |
| ട | ടെ | ടേ |
| ത | തെ | തേ |
| പ | പെ | പേ |

| ആ | ഇ | ഈ | ഉ | ഊ | എ | ഏ |
|---|---|---|---|---|---|---|
| ാ | ി | ീ | ു | ൂ | െ | േ |

ചെടി ചെവി വെറ്റില
വെള്ളം ചെരിപ്പ് നെയ്യ്
നെല്ല് തീപ്പെട്ടി ചേന
വേര് പേര് തേൻ

ചേട്ടൻ ചെടി നട്ടു.
ചേട്ടത്തി വളം ഇട്ടു.
ചെടി പൂത്തു തഴച്ചു.
ചേട്ടത്തി പൂ പറിച്ചു മാല കെട്ടി.

അടി തെറ്റിയാൽ ആനയും വീഴും.
പലതുള്ളി പെരുവെള്ളം.
മെല്ലെത്തിന്നാൽ മുള്ളും തിന്നാം.
എല്ലു മുറിയെപ്പണിതാൽ
പല്ലു മുറിയെത്തിന്നാം.

## പാഠം 30

| ൻറ | ന്റെ | ന്റേ |
|---|---|---|

രാമന്റെ കുട.

എന്റെ വീട്.

പൂവിന്റെ മണം.

മരത്തിന്റെ നിഴൽ.

അവന്റെ അമ്മ.

ലീലയുടെ വള.

പൂച്ചയുടെ കുട്ടി.

മാനത്തിന്റെ നിറം നീലം.

പാലിന്റെ നിറം വെളുപ്പ്.

കാക്കയുടെ നിറം കറുപ്പ്.

ഇലയുടെ നിറം പച്ച.

ഉമയുടെ ഉടുപ്പിന്റെ നിറം ചുവപ്പ്.

## പാഠം 31



കൈ മൈന

കൈ മൈ

| | | |
|---|---|---|
| എ | ഏ | ഐ |
| െ | േ | ൈ |

| | | |
|---|---|---|
| എ | ഏ | ഐ |
| കെ | കേ | കൈ |
| മെ | മേ | മൈ |
| തെ | തേ | തൈ |
| വെ | വേ | വൈ |

കൈത പൈതൽ
വൈരം തൈലം തൈമാവ്
മൈതാനം കൈതച്ചക്ക

എല്ലാ ആനയും കറുപ്പ്.
ഐരാവതം വെളുപ്പ്.
തൈമാവു പൂത്തു.
മൈന മാവിൽ കാവലായി.
രാമൻ തൈലം തേച്ചുകുളിച്ചു.
കൈതച്ചക്ക തിന്നു.
മൈതാനത്തിൽ കളിച്ചു.

# പാഠം 32





ഒട്ടകം ഓട്

ഒ ഓ

| | | |
|---|---|---|
| അ | ആ | |
| ഇ | ഈ | |
| ഉ | ഊ | |
| എ | ഏ | ഐ |
| ഒ | ഓ | ഔ |

## ഒച്ച ഒന്ന് ഒരു

## ഓല ഓട്ട ഓവ്

## ഒഴുകി ഓടി ഓമന

ഓണം വന്നു. മാനം വെളുത്തു.
പുഴയിൽ തെളിനീർ ഒഴുകി.
ഉണ്ണികൾ ഓടിനടന്ന് പൂക്കൾ പറിച്ചു.
ഓമന നന്നായി പൂക്കളം ഇട്ടു.
ഒരുമ തന്നെ പെരുമ.



**അമ്പിളിയമ്മാമാ—വെള്ളി**
**ത്താലത്തിലെന്തൊന്നോ?**
**വാരിയെറിഞ്ഞല്ലോ—പൂക്കൾ**
**വാനം നിറഞ്ഞല്ലോ**
**താലത്തിൽ നിന്നൊരു പൂ—മാമൻ**
**താഴത്തിടുകയില്ലേ?**



# പരീക്ഷ 6 (പാഠം 27—32)

ഓരോ ചിത്രത്തിന്റെയും പേർ
പറയുകയും എഴുതുകയും ചെയ്യുക.



INSTITUTE OF CHILDREN'S LIT...
Date ...-9.90
...TRIVANDRUM...

# പരീക്ഷ 6 (തുടർച്ച)

ഓരോ ചിത്രത്തിന്റെയും നേരെ വിട്ടു പോയ വാക്കു ചേർക്കുക.



വള്ളിയിൽ —



— പല്ലി



— എലി



— പേന



—പുറത്ത് കുട്ടി

# പാഠം 33





കൊടി കോഴി

| ഒ | ഓ | ഔ |
|---|---|---|
| കൊ | കോ | കൗ |
| ചൊ | ചോ | ചൗ |
| ടൊ | ടോ | ടൗ |
| തൊ | തോ | തൗ |
| പൊ | പോ | പൗ |

കൗതുകം

പൊടി പൊതി പൊള്ളി
തൊടി തൊപ്പി തൊട്ടിൽ
കോടി മോടി മോതിരം
ചോറ് മോര് തോരണം

കോഴി കൂവി.

കൊടിമരം നാട്ടി. കൊടി കയറ്റി.

കോടി ഉടുത്തു. മോടി കൂടി.

തോരണം തൂക്കി. കൗതുകം തോന്നി.

മിന്നുന്നതെല്ലാം പൊന്നല്ല.

ഒരുനാളും പൊളി പറയരുത്.

വിതച്ചത് കൊയ്യും.

കൊടുത്തത് കിട്ടും.

ഉപ്പോളം വരുമോ ഉപ്പിലിട്ടത്?

കാക്ക കുളിച്ചാൽ കൊക്കാകുമോ?

തീയിൽ മുളച്ചത് വെയിലത്തു
വാടുമോ?

## ആവർത്തന പാഠം

| | | | | | |
|---|---|---|---|---|---|
| അ | ആ | ഇ | ഈ | ഉ | ഊ |
| ക | കാ | കി | കീ | കു | കൂ |
| ച | ചാ | ചി | ചീ | ചു | ചൂ |
| ട | ടാ | ടി | ടീ | ടു | ടൂ |
| ത | താ | തി | തീ | തു | തൂ |
| പ | പാ | പി | പീ | പു | പൂ |

| | | | | | |
|---|---|---|---|---|---|
| എ | ഏ | ഐ | ഒ | ഓ | ഔ |
| കെ | കേ | കൈ | കൊ | കോ | കൗ |
| ചെ | ചേ | ചൈ | ചൊ | ചോ | ചൗ |
| ടെ | ടേ | ടൈ | ടൊ | ടോ | ടൗ |
| തെ | തേ | തൈ | തൊ | തോ | തൗ |
| പെ | പേ | പൈ | പൊ | പോ | പൗ |

എലി ഏണി ഐരാവതം

കെണി കേമൻ കൈത

ചെടി ചേന ചൈന

തെളി തേൻ തൈലം

പെട്ടി പേന പൈതൽ

ഒട്ടകം ഓല

കൊടി കോഴി

ചൊടി ചോറ്

തൊട്ടിൽ തോട്ടം

പൊത്ത് പോത്ത്

## പാഠം 34

| | | | | |
|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ |



നഖം



മുഖം



ഗണപതി



ഘടികാരം

| ക | ഖ | ഗ | ഘ | ങ |
|---|---|---|---|---|

മുഖം നഖം

മേഘം ഘനം

ഗംഗ ഗിരി ഗീത

രോഗം ഗുണം ഗുളിക

ഗോപി ഗൗളി ഗൗരി

ഗംഗ കണ്ണാടി നോക്കി മുഖം മിനുക്കി.

ഗീത നഖത്തിൽ ചായമിട്ടു.

ഗോപി കുറി തൊട്ടു.

ഗൗരി ഗീതം പാടി.

രാഘവൻ താളം പിടിച്ചു.

മേഘം പരന്നു. മാനം കറുത്തു.

മഴ തകർത്തു.

ഗോപാലൻ നല്ല വിത്തു വിതച്ചു.

അവനു നല്ല വിളവു കിട്ടി.

വിത്തു ഗുണം പത്തു ഗുണം.

# പാഠം 35



മാങ്ങ

ങ്ങ

| ങ | ങ്ങ |
|---|---|

**തേങ്ങ നാരങ്ങ ചങ്ങല കുരങ്ങൻ**
**അങ്ങാടി ചങ്ങാടം തെങ്ങ് എങ്ങും**
**തിങ്ങി കലങ്ങി മങ്ങി**
**പൊങ്ങി തുടങ്ങി മുഴങ്ങി**

മാനത്തു മേഘം തിങ്ങി. വെയിൽ മങ്ങി.
ഇടി മുഴങ്ങി. മഴ തുടങ്ങി. പുഴ കലങ്ങി.
എങ്ങും ഇരുട്ടുപരന്നു.
മിന്നാമിനുങ്ങുകൾ പറന്നു.

## പാഠം 36

| | | | | |
|---|---|---|---|---|
| ച | ഛ | ജ | ഝ | ഞ |





ഛായ ജന്നൽ

| | |
|---|---|
| ഛ | ജ |

| | | | |
|---|---|---|---|
| ച | ഛ | ച്ച | ച്ഛ |

ചായ ഛായ പച്ച അച്ഛൻ

ജട ജലം പൂജ ഗിരിജ

ജീവി അനുജൻ

ജമാൽ ജോണി

# ഝ

ഝടിതി

ഝി ഝംകാരം



ഇവർ ഞാറു നടുന്നു.

# ഞ

ഞാറ് ഞായർ

ഞാൻ ഞങ്ങൾ

ഞെട്ടി ഞെട്ട്

ഒരു ഞെട്ടിൽ നാലു മാങ്ങ.

ഞങ്ങൾ നാളെ വയലിൽ ഞാറു നടും.

പൂജ തുടങ്ങി. മണി മുഴങ്ങി.

ഗിരിജ വണങ്ങി.

കണ്ണാടിയിൽ നോക്കിയാൽ ഛായ കാണാം.



അമ്പിളിയമ്മാമാ—ചൊല്ലൂ
കുമ്പിളിലെന്തൊന്നേ?
പാലുവഴിയുന്നേ—മാനം
പാൽക്കടലാവുന്നേ.
കുഞ്ഞിനും തന്നൂടേ—പൈമ്പാൽ
കുമ്പിൾ നിറച്ചില്ലേ?
(അമ്പിളിയമ്മാമാ......)

# പരീക്ഷ 7 (പാഠം 33—36)

**ഓരോ ചിത്രത്തിനും നേരെ വിട്ട വാക്കു ചേർക്കുക.**



— പറക്കുന്നു.



— കൂവുന്നു.



ഇവൾ — നോക്കി
— മിനുക്കുന്നു.



ഇവൾ — ചായം
—.



ഇവർ — —.

## പരീക്ഷ 7 (തുടർച്ച)



— മരത്തിൽ കയറുന്നു.



ഈ കുട്ടി —.



കുട്ടി — തുറക്കുന്നു.



ഇവർ — — നടുന്നു.



മാനത്തിൽ —പരക്കുന്നു.

# പാഠം 37



ഈ കുട്ടി ഊഞ്ഞാൽ ആടുന്നു.

| | |
|---|---|
| ഞ | ഞ്ഞ |

| | |
|---|---|
| ഞ | ഞ്ഞ |
| ത | ത്ത |
| ന | ന്ന |
| മ | മ്മ |
| ള | ള്ള |

| | |
|---|---|
| ച | ച്ച |
| യ | య్య |
| വ | വ്വ |
| പ | പ്പ |
| ണ | ണ്ണ |

| | |
|---|---|
| ക | ക്ക |
| ങ | ങ്ങ |
| ല | ല്ല |
| ട | ട്ട |

റ്റ

മഞ്ഞ പിഞ്ഞാണം

കഞ്ഞി കുഞ്ഞ്

കരഞ്ഞു ഉടഞ്ഞു

വാഴപ്പഴം മഞ്ഞ നിറം.

മഞ്ഞപ്പാവാട നിറം മങ്ങി.

അമ്മ പിഞ്ഞാണത്തിൽ കഞ്ഞി തന്നു.

ഞാനും രാഘവനും ഊഞ്ഞാൽ ആടി.

മുട്ട വിരിഞ്ഞു.

കോഴിക്കുഞ്ഞു കരഞ്ഞു.

അരി എറിഞ്ഞാൽ ആയിരം കാക്ക.

## പാഠം 38

| | | | | |
|---|---|---|---|---|
| ട | ഠ | ഡ | ഢ | ണ |





# പീഠം ഡപ്പി

## മട മഠം പാഠം പഠിച്ചു

## ജട ജഡം ഗരുഡൻ മൂഢൻ

അറിവില്ലാത്തവൻ മൂഢൻ.

ജീവനില്ലാത്തത് ജഡം.

മൂഢൻ പീഠത്തിൽ ഇരുന്നു.

പീഠം മറിഞ്ഞു. മൂഢൻ വീണു.

## പാഠം 39

| | | | | |
|---|---|---|---|---|
| ത | ഥ | ദ | ധ | ന |



രഥം



ഗദ

കഥ ഗുരുനാഥൻ ജാഥ

ദയ ദാനം ദൈവം

ധനം രാധ മാധവൻ

മധുരം ധീരൻ ആയുധം

ഗുരുനാഥൻ കഥകൾ പറഞ്ഞു തരും.

രാധ മധുരമായി പാടും.

കുതിരകൾ രഥം വലിക്കും.

ഗദ ഒരു ആയുധമാണ്.

## പാഠം 40

| പ | ഫ | ബ | ഭ | മ |
| --- | --- | --- | --- | --- |



ബലൂൺ



ഭരണി

**പഴം ഫലം പണം ഫണം**
**ബലം ബാലൻ ബിംബം ബീജം**
**അറബി ബൈബിൾ ഭയം ഭാരതം**
**ഭീമൻ ഭൂമി**

മൂർഖൻ ഫണം വിടർത്തി.

ഞങ്ങൾക്ക് ഭയം തോന്നി.

മയിൽ പീലി വിടർത്തി. നല്ല ഭംഗി തോന്നി.

മരുന്ന് ഫലിച്ചു. ബാലന്റെ രോഗം മാറി.

# പാഠം 41




## മേശ    മഷിക്കുപ്പി

| | |
|---|---|
| ശ | ഷ |

ആശ മീശ ശംഖ് മോശം

യേശു പശു ശൂലം

ഷീല ഝഷം ഘോഷം

വേഷം

ആകാശം ആഘോഷം

ഔഷധം കൗശലം

ഞങ്ങൾ ഓണം ആഘോഷിച്ചു.
ഷീല നാടകത്തിൽ വേഷം കെട്ടി.
വേഷം മോശമില്ല.
പശു പല നിറം. പാൽ ഒരു നിറം.



കാട്ടുമരത്തിൻ കൊമ്പുകൾതോറും
കയറാം മറിയാം ചാടാം.
വാലാൽ ചില്ലത്തുമ്പിൽച്ചുറ്റി
വരിഞ്ഞുകിടന്നൊന്നാടാം.
കായികവിദ്യകളിങ്ങനെ പലതും
കാട്ടും ഞാൻ പുകൾ തേടും.
വാലില്ലാത്തവർ നിങ്ങളെറിഞ്ഞാൽ
വാൽ പൊക്കിക്കൊണ്ടോടും.

ജി.

## പരീക്ഷ 8 (പാഠം 37 — 41)

വിട്ട വാക്കു ചേർക്കുക.



— ഭരണി



മറിഞ്ഞ —



പറക്കുന്ന —



കുതിരകൾ ___ വലിക്കുന്നു.



കുട്ടി — ഊതുന്നു.

## പരീക്ഷ 8 (തുടർച്ച)



കുട്ടി — ഊതുന്നു.



ഒരു — വരുന്നു.



— കുരിശിൽ
കിടക്കുന്നു.



മേശപ്പുറത്ത്
— ഝഷം.

## പാഠം 42



# സർപ്പം



# സൈക്കിൾ

| സ |
|---|

സരള സാരി സാധു സിനിമ
സുഖം സൂചി സൈമൺ സംഘം
പൈസ ദിവസം മാസം വർഷം



# സിംഹം

## ഹ

ദാഹം ദേഹം മോഹം ലോഹം

വിഷു മേടമാസത്തിലാണ്.
ഓണം ചിങ്ങമാസത്തിലാണ്.
സിനിമ കാണാൻ മോഹമില്ലേ?
കൈയിൽ പൈസയില്ല.

| | | | |
|---|---|---|---|
| ശ | ഷ | സ | ഹ |

# പാഠം 43



ഋഷി



നൃത്തം

| | |
|---|---|
| ഋ | നൃ |

| | | | | | | |
|---|---|---|---|---|---|---|
| കൃ | ഗൃ | മൃ | വൃ | ഹൃ | പൃ | തൃ |

കൃഷി കൃമി ഗൃഹം

മൃഗം വൃത്തം നൃത്തം

ഹൃദയം മൃദംഗം ആകൃതി

സരളയുടെ നൃത്തം ഭംഗിയായി.

രാമനാഥൻ നന്നായി മൃദംഗം വായിച്ചു.

കൃഷി നല്ല തൊഴിലാണ്.

| | | | | | | |
|---|---|---|---|---|---|---|
| അ | ആ | ഇ | ഈ | ഉ | ഊ | ഋ |
| എ | ഏ | ഐ | ഒ | ഓ | ഔ | |
| ക | കാ | കി | കീ | കു | കൂ | കൃ |
| കെ | കേ | കൈ | കൊ | കോ | കൗ | |

# പാഠം 44



ചിലങ്ക

ങ്ക

തങ്കം കുങ്കുമം

ശങ്കരൻ സങ്കടം



സഞ്ചി

ഞ്ച

പഞ്ചസാര മഞ്ചാടി

ഇഞ്ചി വഞ്ചി

അഞ്ച് നെഞ്ച്



ചെണ്ട

ണ്ട

മണ്ട കണ്ടം

രണ്ട് ചുണ്ട്

വണ്ട് ഞണ്ട്

## പാഠം 45



# പന്തം

ന്ത

ചന്ത ചന്തം

കുന്തം ദന്തം

പന്ത് ഓന്ത്

സന്തോഷം



# പമ്പരം

മ്പ

തുമ്പ തുമ്പി

ചെമ്പ് ഇരുമ്പ്

അമ്പിളി

തുമ്പപ്പൂവിൽ ഇതാ ഒരു തുമ്പി.

ഈ തുമ്പി എന്തൊരു ചന്തം !

പാഠം 46



ക്ര

| | | | | |
|---|---|---|---|---|
| ത്ര | ദ്ര | പ്ര | ഗ്ര | ശ്ര |

ചക്രം

ഗ്രാമം പ്രാവ് ഭ്രാന്തൻ വ്രണം

ചിത്രം പാത്രം ദരിദ്രൻ ശ്രീരാമൻ



ര്യ

| | | | | |
|---|---|---|---|---|
| ക്യ | ഗ്യ | ധ്യ | ണ്യ | ഷ്യ |

സൂര്യൻ

ധ്യാനം ധാന്യം ഭാഗ്യം

സത്യം മനുഷ്യൻ നാണ്യം

# പാഠം 47



പ്ലാവ്

## പ്ല

| | | | |
|---|---|---|---|
| ക്ല | ഗ്ല | പ്ല | ബ്ല |
| മ്ല | ശ്ല | സ്ല | ഹ്ല |

ക്ലാസ്  തക്ലി

ഗ്ലാസ്  ശ്ലോകം

സ്ലേറ്റ്  ആഹ്ലാദം



സ്വർണ്ണമാല

## സ്വ

| | | |
|---|---|---|
| ക്വ | ജ്വ | ദ്വ |

ജ്വരം  ജ്വാല

ദ്വാരം  സ്വരം

## പരീക്ഷ 9 (പാഠം 42—47)

(1) വിട്ട അക്ഷരം ചേർക്കുക.



ഈ പൂക്കളത്തിൻെറ
ആ— തി — ത്തമാണ്



ഇത് — ദയത്തിൻെറ
ചിത്രമാണ്



നെറ്റിയിൽ
കു — മപ്പൊട്ട്



— വിൻ കൊമ്പത്ത്
കാക്ക ഇരിക്കുന്നു.



വ— തേൻ
കുടിക്കുന്നു.

# പരീക്ഷ 9 (തുടർച്ച)



## ഈയാൾ വ — യിൽ ഇരുന്നു തുഴയുന്നു.

(2) എന്തിന്റെ ചിത്രം എന്ന്
പറയുകയും എഴുതുകയും ചെയ്യുക.

# പാഠം 48



## മ ദ്ദളം

**ദ്ദ**

ഗ്ഗ ജ്ജ

സ്വർഗ്ഗം ഗർജ്ജനം അർജ്ജുനൻ



## പ ക്ഷി

**ക്ഷ**

നക്ഷത്രം ക്ഷാമം ക്ഷേമം
ക്ഷീണം കക്ഷി ഭിക്ഷു

# പാഠം 49



## പുസ്തകം

| സ്ത | | സ്ഥ | |
|---|---|---|---|
| മസ്തകം | അസ്തമയം | സ്ഥാനം | സ്ഥലം |

| ക്ത | | |
|---|---|---|
| രക്തം | ഭക്തി | ശക്തി |

| ത്ഥ | ത്ന | ത്മ | ത്സ |
|---|---|---|---|
| അർത്ഥം | രത്നം | പത്മനാഭൻ | ഉത്സവം |

| ഷ്ട | ഷ്ഠ | ഷ്ണ | ഷ്പ |
|---|---|---|---|
| ഇഷ്ടം | കുഷ്ഠം | ഉഷ്ണം | പുഷ്പം |

ശ്രീകൃഷ്ണൻ

## പാഠം 50



# മഹാത്മാഗാന്ധി

| | | | |
|---|---|---|---|
| ന്ധ | അന്ധൻ | | ഗന്ധം |
| ന്ദ | ചന്ദനം | വന്ദനം | നന്ദി |
| | ഇന്ദിര | സിന്ദൂരം | ആനന്ദം |
| ന്ഥ | ഗ്രന്ഥം | | |
| ജ്ഞ | ജ്ഞാനം | | |
| ഞ്ജ | മഞ്ജരി | | |

## പാഠം 51



# ചന്ദ്രൻ

| |
|---|
| ന്ദ്ര |

ഇന്ദ്രൻ ഇന്ദ്രാണി

| |
|---|
| ന്ത്ര |

മന്ത്രം യന്ത്രം നേന്ത്രപ്പഴം

| | | | |
|---|---|---|---|
| ക്ഷ്മ | ത്സ്യ | ദ്ധ്യ | സ്ത്ര |
| ലക്ഷ്മി | മൽസ്യം | മദ്ധ്യം | വസ്ത്രം |

| | |
|---|---|
| ഹ്ന | ഹ്മ |

ചിഹ്നം ബ്രാഹ്മണൻ

## പാഠം 52

# പഞ്ചാരക്കുഞ്ചു

കുഞ്ചിയമ്മക്കഞ്ചുമക്കളാണേ—
യഞ്ചാമനോമനക്കുഞ്ചുവാണേ.
പഞ്ചാരവിറ്റു നടന്നു കുഞ്ചു,
പഞ്ചാരക്കുഞ്ചെന്ന പേരു വന്നു.
വഞ്ചിയിൽപ്പഞ്ചാരച്ചാക്കുവച്ചു
തുഞ്ചത്തിരുന്നു തുഴഞ്ഞു കുഞ്ചു.
പഞ്ചാര തിന്നു മടുത്തു കുഞ്ചു,
ഇഞ്ചി കടിച്ചു രസിച്ചു കുഞ്ചു.
കുഞ്ചിയമ്മക്കഞ്ചു മക്കളാണേ—
യഞ്ചാമൻ പഞ്ചാരക്കുഞ്ചുവാണേ.





പാഠം 53

# കാക്കയുടെ കൗശലം

ഒരു വയലിൻെറ നടുക്ക് ഒരു കുളം ഉണ്ടായിരുന്നു. അതിൻെറ വക്കത്ത് ഒരു മരവും. മരത്തിൽ രണ്ടു കാക്കകൾ പാർത്തിരുന്നു. ഒന്ന് ആണും മറ്റേത് പെണ്ണും. മരത്തിൻെറ ചുവട്ടിൽ ഒരു മാളം ഉണ്ടായിരുന്നു. അതിൽ ഒരു സർപ്പം പാർത്തിരുന്നു. പെൺകാക്ക മുട്ടയിടും. സർപ്പം മുട്ടകളെല്ലാം തിന്നു കളയും. അതുകൊണ്ട് മുട്ടകളൊന്നും വിരിഞ്ഞില്ല.





ഒരു ദിവസം ഒരു കൃഷിക്കാരൻ കുളത്തിൽ കുളിക്കാൻ വന്നു. അയാളുടെ കൈയിൽ ഒരു പണസ്സഞ്ചി ഉണ്ടായിരുന്നു. അതു കുളക്കടവിൽ വച്ച് കൃഷിക്കാരൻ കുളിക്കാൻ ഇറങ്ങി. കാക്ക ഇതു കണ്ടു. അതിന് ഒരു കൗശലം തോന്നി. പറന്നു വന്ന് പണസ്സഞ്ചി കൊത്തിയെടുത്തു. പാമ്പിന്റെ മാളത്തിൽ കൊണ്ടുപോയി ഇട്ടു.





കൃഷിക്കാരൻ ഓടിയെത്തി ഒരു മുട്ടൻ വടിയെടുത്തു. മാളത്തിൽ കുത്തി. സർപ്പം പുറത്തു വന്നു. പത്തി വിടർത്തി ചീറിയടുത്തു. കൃഷിക്കാരൻ അതിനെ തല്ലിക്കൊന്നു. സഞ്ചി എടുത്തുകൊണ്ടുപോയി.



കാക്കകൾ കാകാ എന്ന് ശബ്ദിച്ചു. വിജയം കൊണ്ടാടാൻ മറ്റുള്ള കാക്കകളും വന്നു ചേർന്നു.



## പാഠം 54

# മേരിക്കുണ്ടൊരു കുഞ്ഞാട്

മേരിക്കുണ്ടൊരു കുഞ്ഞാട്,
മേനി കൊഴുത്തൊരു കുഞ്ഞാട്,
പാൽനുരപോലെ വെളുത്താട്,
പഞ്ഞികണക്കു മിനുത്താട്.
തുള്ളിച്ചാടി നടന്നീടും
വെള്ളത്തിരപോൽ വെള്ളാട്,
കിണി കിണിയെന്നു കിലുങ്ങീടും
കിങ്ങിണി കെട്ടിയ കുഞ്ഞാട്.
മേരിയൊടൊത്തു നടന്നീടും,
മേരിയൊടൊത്തവനുണ്ടീടും,
മേരിക്കരികെയുറങ്ങീടും,
മേരിയെണീറ്റാലെഴുന്നേൽക്കും.



## പാഠം 55

# ഓടിയണഞ്ഞു കുഞ്ഞാട്

ഒരു നാൾ പള്ളിക്കൂടത്തിൽ
മേരിയൊടൊപ്പം കുഞ്ഞാടും
അടിവച്ചടിവച്ചകമേറി—
യവിടെച്ചിരിതൻ പൊടിപൂരം!
വെറിയൻമാരാം ചില പിള്ളേർ
വെളിയിലിറക്കീ പാവത്തെ.
പള്ളിക്കൂടപ്പടിവാതിൽ
തള്ളിയടച്ചവർ തഴുതിട്ടു.
പള്ളിക്കൂടം വിട്ടപ്പോൾ
പിള്ളരിറങ്ങി നടന്നപ്പോൾ
മേരിവരുന്നതു കണ്ടപ്പോ—
ളോടിയണഞ്ഞു കുഞ്ഞാട്.





## പാഠം 56

# വികൃതിയായ കുരങ്ങൻ

ഒരു പുളിമരത്തിൽ ഒരു ആനയെ കെട്ടിയിരുന്നു. ഒരു കുരങ്ങൻ ആ മരത്തിൽ കയറിക്കൂടി. അത് കായ്കൾ പറിച്ച് ആനയെ എറിഞ്ഞു. ആന പൊറുതികെട്ടു. തുമ്പിക്കൈ ഉയർത്തി കുരങ്ങൻ ഇരിക്കുന്ന കൊമ്പു പിടിച്ചു കുലുക്കി.





എന്തു ഫലം!
കുരങ്ങൻ മുകളിലത്തെ
കൊമ്പിലേക്ക്
ഒരു ചാട്ടം ചാടി.
പിന്നെയും ആനയെ എറിഞ്ഞു.
ആന ഒരു ചെറിയ കൊമ്പ് ഒടി
ച്ചെടുത്ത് കുരങ്ങനെ എറിഞ്ഞു. കുര
ങ്ങൻ ഏറുകൊള്ളാതെ മാറിക്കളഞ്ഞു.



പുളിമരത്തിൽ ഒരു തേനീച്ചക്കൂട് ഉണ്ടായിരുന്നു. ഏറ് അതിലാണ് കൊണ്ടത്. കൂട് ഇളകി. തേനീച്ചകൾക്ക് ദേഷ്യം വന്നു. അവ കുരങ്ങനെ വളഞ്ഞു. അതിന്റെ കണ്ണിലും കാതിലും തെരുതെരെ കുത്തി. കുരങ്ങൻ വേദനകൊണ്ടു പിടഞ്ഞു. വേറൊരു മരത്തിലേക്കു ചാടി. തേനീച്ചകൾ അവിടെയും എത്തി. വാനരനെ അവിടെനിന്നും തുരത്തി. പിന്നെ കൂട്ടിലേക്ക് മടങ്ങി.



ആന തുമ്പിക്കൈ
ഉയർത്തി
തേനീച്ചകൾക്ക്
ഒരു സലാം
കൊടുത്തു.
ആന പറഞ്ഞു:
''എന്റെ ശക്തി
ആ വികൃതിയോടു
ഫലിച്ചില്ല. നിങ്ങൾ
ചെറിയ ജീവികൾ, എങ്കിലും എല്ലാ
വരും ഒത്തുചേർന്ന് ആ കള്ളനെ
ഓടിച്ചുകളഞ്ഞു. മിടുക്കൻമാർ!''

## പാഠം 57

# പാടിയുറക്കും കടലമ്മ

തുള്ളിച്ചാടി വരുന്നല്ലോ
വെള്ളത്തിരകൾ വരുന്നല്ലോ.
കരയിൻ തോളിൽക്കയറീടാൻ
മണലിൻ മടിയിലുരുണ്ടീടാൻ.
കരയൊന്നിക്കിളിയാക്കുന്നു,
തിരകൾ ചിരിച്ചു തിരിക്കുന്നു.
ഓടിച്ചാടി വരുന്നല്ലോ
ഓളക്കുട്ടൻമാർ വീണ്ടും.
ഓടിച്ചാടിത്തളരുമ്പോൾ
പാടിയുറക്കാനാരാണോ?
ഓടിച്ചാടിത്തളരുമ്പോൾ
പാടിയുറക്കും കടലമ്മ.





## പാഠം 58

# പയ്യനും കഴുതയും

ഒരു പട്ടണത്തിൽ ഒരു പയ്യൻ ഉണ്ടായിരുന്നു. ചുമട് എടുക്കുകയായിരുന്നു അവൻെറ ജോലി. അവൻ കുറച്ചു പണം സമ്പാദിച്ചു. അതു കൊടുത്ത് ഒരു കഴുതയെ വാങ്ങി. പിന്നെ അവൻ ചുമട് എടുക്കാതായി. കഴുതയുടെ മേൽ ചുമട് കയറ്റി വയ്ക്കും. അതിനെ തെളിച്ചുകൊണ്ട് പിന്നാലെ നടക്കും. ഇതായി പതിവ്.





ഒരു ദിവസം അവൻ കഴുതയുടെ പുറത്ത് വലിയ ഭാരം കയറ്റി വച്ചു. കഴുത കുഴങ്ങി. വഴിയിൽ ഇടക്കിടെ നിന്നു. നിന്നാൽ കുട്ടി അതിനെ അടിക്കും. അപ്പോൾ അത് കുറച്ചു നടക്കും. പിന്നേയും നിൽക്കും. ഒരു കാക്ക ഇതെല്ലാം കണ്ടു. അത് പറന്നു വന്നു. കഴുതയുടെ കാതിൽ എന്തോ പറഞ്ഞു.

കാക്ക പറന്നുപോയി. കഴുത രണ്ടടി നടന്നു. താഴത്തു വീണു. കാലും തലയും ഇട്ടു തല്ലി. അനങ്ങാതെ കിടന്നു. കഴുത ചത്തുപോയി എന്ന് കുട്ടി വിചാരിച്ചു. അവൻ ചുമട് തലയിൽ വച്ച് നടന്നു തുടങ്ങി.





നാലടി നടന്നു. തളർന്ന് താഴത്ത് ഇരുന്നു. അതുകണ്ട് കഴുത ചിരിച്ചു. അപ്പോൾ കുട്ടി പറഞ്ഞു:

''ചങ്ങാതീ, നമുക്ക് ചുമട് രണ്ടായി പകുക്കാം. പകുതി ഞാൻ എടുക്കാം. പകുതി നീയും.''

മരക്കൊമ്പത്തു നിന്ന് കാക്ക പറഞ്ഞു: 'നന്നായി. പങ്കിട്ടാൽ ഭാരം കുറയും. ഒരാൾ ചുമട് എടുക്കുക. മറ്റെയാൾ കൈയും വീശി നടക്കുക. അതു പറ്റില്ല. എല്ലാവരും പണിയെടുക്കണം.'



## പാഠം 59

# നർത്തനമാടാൻ വരു മയിലേ

മാരിക്കാറുകൾ മഴവില്ലാൽ
തോരണമാലകൾ തൂക്കുന്നു.
മാനം പൂമഴ തൂവുന്നു,
മദ്ദളമിടികൾ മുഴക്കുന്നു.
തുമ്പികൾ തംബുരു മീട്ടുന്നു.
തുമ്പപ്പൂക്കൾ ചിരിക്കുന്നു.





പൂങ്കുയിൽ വന്നൂ കുഴലൂതാൻ,
പൂക്കൾ നിരന്നൂ കളി കാൺമാൻ
വീണയെടുക്കൂ വരിവണ്ടേ,
വീണായ്ക്കാലം പോക്കരുതേ.
നർത്തനമാടാൻ വരു മയിലേ
നട്ടുവനാകാൻ ഞാനില്ലേ?
തതികിണ തതികിണ തകിതത്തോം
ധിമികിട ധിമികിട ധിമിതത്തോം.





## പാഠം 60

# സൂര്യൻ

സൂര്യൻ നമുക്ക് ചൂടും വെളിച്ചവും തരുന്നു. സൂര്യൻ കിഴക്ക് ഉദിക്കുന്നു. പടിഞ്ഞാറ് അസ്തമിക്കുന്നു. സൂര്യൻ ഉദിച്ചാൽ പകൽ തുടങ്ങും. സൂര്യൻ അസ്തമിച്ചാൽ പകൽ കഴിയും. അപ്പോൾ രാത്രി തുടങ്ങും.



പാഠം 61

# ചന്ദ്രനും നക്ഷത്രങ്ങളും



രാത്രി ആകാശത്തിൽ ചന്ദ്രനെ കാണാം. നക്ഷത്രങ്ങളെയും കാണാം. എത്ര നക്ഷത്രങ്ങൾ! മാസത്തിൽ ഒരു ദിവസം ചന്ദ്രൻ വട്ടമൊത്ത് ഇരിക്കും.

ചിലപ്പോൾ പകൽ സമയത്തും ചന്ദ്രനെ കാണാം. അപ്പോൾ പ്രകാശം വളരെ കുറവായിരിക്കും.

ചന്ദ്രനും നമുക്ക് വെളിച്ചം തരുന്നു. ചന്ദ്രൻെറ വെളിച്ചത്തിന് നിലാവ് എന്നു പറയും. നിലാവിന് ചൂടില്ല.



## പാഠം 62

# ജീവികൾ

നാം ഭൂമിയിൽ പാർക്കുന്നു. നമുക്കു പുറമേ വേറെയും ജീവികളുണ്ട്. പക്ഷികൾ, മൃഗങ്ങൾ, ചെറിയ പ്രാണികൾ ഇവയെല്ലാം ജീവികളാണ്. വെള്ളത്തിലും പല ജീവികളുണ്ട്. അവയിൽ മുഖ്യമാണ് മൽസ്യങ്ങൾ.



## പാഠം 63

# ജീവികൾ സഞ്ചരിക്കുന്നു

ജീവികൾക്ക് ഒരു സ്ഥലത്തു നിന്ന് വേറൊരു സ്ഥലത്തേക്കു പോകാൻ കഴിയും. മൃഗങ്ങൾക്ക് നാലു കാൽ ഉണ്ട്. അവ നടക്കും, ഓടും, ചാടും. പക്ഷികൾക്ക് രണ്ടു കാൽ ഉണ്ട്. രണ്ടു ചിറകും ഉണ്ട്. പക്ഷികൾ പറക്കും, ഇടക്ക് അൽപം നടക്കും. വണ്ടും പൂമ്പാറ്റയും തേനീച്ചയും പറക്കും. അവക്കും ചിറകുണ്ട്. ആറു കാലും ഉണ്ട്. മൽസ്യം നീന്തും. അതിനും ചിറകുണ്ട്.



## പാഠം 64

# അരുമ മകൾക്കു തരികയില്ലേ?

പുലരിയോടൊത്തെന്നും
പൂന്തോപ്പിലെത്തുന്ന
പൂമ്പാറ്റക്കുഞ്ഞുങ്ങളെന്തു ചന്തം!
അവരുടുത്തീടുമപ്പാവാട വിറ്റിടും
കടയേതെന്നമ്മക്കറിഞ്ഞുകൂടേ?
അതുപോലെയൊന്നമ്മേ
തിരുവോണക്കോടിയായ്
അരുമ മകൾക്കു തരികയില്ലേ?





## പാഠം 65
# സസ്യങ്ങൾ

ചുറ്റും ഒന്നുനോക്കൂ. മരങ്ങളും ചെടികളും വള്ളികളും കാണുന്നില്ലേ? അവക്കെല്ലാം കൂടി ഒരു പേരുണ്ട്— സസ്യങ്ങൾ.

സസ്യങ്ങൾക്കും ജീവൻ ഉണ്ട്. എന്നാൽ അവക്ക് ഒരു സ്ഥലത്തു നിന്ന് വേറൊരു സ്ഥലത്തേക്കു പോകാൻ കഴികയില്ല. നാം വിത്തു നട്ട് സസ്യങ്ങൾ മുളപ്പിക്കുന്നു. ചെറിയ കൊമ്പുകൾ മുറിച്ചു നട്ടും ചില സസ്യങ്ങൾ വളർത്തുന്നു.

## പാഠം 66

# പദാർത്ഥങ്ങൾ

നമുക്കു ചുറ്റും ജീവനില്ലാത്ത പലതും കാണാം — മണ്ണ്, കല്ല്, വെള്ളം, പലതരം പാറകൾ. ഇവക്ക് എല്ലാം കൂടി പദാർത്ഥങ്ങൾ എന്നു പറയും. കാണാൻ കഴിയാത്ത ഒരു പദാർത്ഥമുണ്ട്. അതാണ് വായു. വായു എല്ലാ സ്ഥലത്തും ഉണ്ട്.

വായുവും വെള്ളവും ഇല്ലാതെ ജീവിക്കാൻ കഴികയില്ല. നമുക്കു മാത്രമല്ല വായുവും വെള്ളവും ആവശ്യം. എല്ലാ ജീവികൾക്കും വേണം. നാം നല്ല വായു ശ്വസിക്കണം. നല്ല വെള്ളം കുടിക്കണം. അല്ലെങ്കിൽ രോഗം പിടിപെടും.

# പാഠം 67
# ഭക്ഷണം



ജീവിക്കാൻ വെള്ളവും വായുവും മാത്രം പോരാ. ഭക്ഷണം കൂടിവേണം. മനുഷ്യർക്കും ജീവികൾക്കും സസ്യങ്ങൾക്കും ഭക്ഷണം വേണം. ജീവനുള്ളതെല്ലാം ഭക്ഷണം കൊണ്ടാണ്

വളരുന്നത്. കഴിക്കുന്ന ഭക്ഷണം വൃത്തിയുള്ളതായിരിക്കണം. രുചി യുള്ളതായിരിക്കണം. കേടുവന്ന സാധനങ്ങൾ ഭക്ഷിക്കരുത്. മുട്ട, പാൽ, മാംസം, മൽസ്യം ഇവയെല്ലാം ഭക്ഷണ സാധനങ്ങളാണ്. ജീവികളാണ് നമുക്ക് ഇതെല്ലാം തരുന്നത്. കായ്-കിഴങ്ങുകൾ, പഴങ്ങൾ, ധാന്യങ്ങൾ ഇവയും നല്ല ആഹാരങ്ങളാണ്. സസ്യങ്ങളിൽ നിന്നാണ് ഇതെല്ലാം കിട്ടുന്നത്.

നല്ല ഭക്ഷണം കഴിക്കണം. പണി യെടുക്കണം, കുളിക്കണം, ഉറങ്ങണം. അല്ലെങ്കിൽ രോഗം വന്നുപെടും.



പാഠം 68

# വീട്

നാം വീടുകളിൽ പാർക്കുന്നു. പല തരം വീടുകൾ ഉണ്ട്. എന്തിനാണ് വീട്? വീടില്ലെങ്കിൽ വെയിലും മഴയും കൊള്ളണം. മഞ്ഞും കാറ്റും ഏൽക്കണം. ചൂടും തണുപ്പും സഹിക്കണം. ഇതിൽനിന്നെല്ലാം വീട് രക്ഷ നൽകുന്നു. നാം നമ്മുടെ സാധനങ്ങൾ സൂക്ഷിക്കുന്നത് വീട്ടിലാണ്. പക്ഷികൾ കൂടുകെട്ടിപാർക്കുന്നു. തേനീച്ചകൾ മെഴുകുകൊണ്ട് അഴകുള്ള കൂടുകൾ ഉണ്ടാക്കുന്നു.



## പാഠം 69
# വസ്ത്രം



സുഖമായി ജീവിക്കാൻ വസ്ത്രങ്ങൾ കൂടിവേണം. ചൂടും തണുപ്പും തടുക്കാൻ വസ്ത്രങ്ങൾ ആവശ്യമാണ്. മൃഗങ്ങൾക്കും പക്ഷികൾക്കും ജനിക്കുമ്പോൾ തന്നെ ഉടുപ്പുണ്ട്. രോമംകൊണ്ടു മൂടിയ തോലാണ് മൃഗങ്ങളുടെ ഉടുപ്പ്. അഴകേറിയ തൂവലുകളാണ് പക്ഷികളുടെ ഉടുപ്പ്. നമുക്ക് ജനിക്കുമ്പോൾ ഉടുപ്പില്ല. നാം പലതരം വസ്ത്രങ്ങൾ ഉണ്ടാക്കി ഉടുക്കുന്നു.

# പുതിയ ലിപികൾ

## സ്വരങ്ങൾ മുതലായവ

| | |
|---|---|
| അ | ആ |
| ഇ | ഉ |
| എ | ഏ |
| ഒ | ഋ |
| െ | േ |
| ി | ീ |
| ാ | ം |
| ു | ്വ |
| ൂ | ം |
| ൃ | ൄ |
| ്ര | ൗ |
| . | ഃ |

## ചില്ലുകൾ

ൺ ൻ ർ ൽ ൾ

## കൂട്ടക്ഷരങ്ങൾ

| | | | |
|---|---|---|---|
| ക്ക | ങ്ക | ങ്ങ | |
| ച്ച | ഞ്ച | ഞ്ഞ | |
| ട്ട | ണ്ട | ണ്ണ | |
| ത്ത | ന്ത | ന്ന | |
| പ്പ | മ്പ | മ്മ | |
| യ്യ | ല്ല | വ്വ | |
| സ്സ | ശ്ല | ഫ്ല | മ്ല |
| ബ്ല | പ്ല | ഗ്ല | ക്ല |
| ക്ഷ | ന്ദ | റ്റ | |

## വ്യഞ്ജനങ്ങൾ

| | | | | |
|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ |
| ച | ഛ | ജ | ഝ | ഞ |
| ട | ഠ | ഡ | ഢ | ണ |
| ത | ഥ | ദ | ധ | ന |
| പ | ഫ | ബ | ഭ | മ |
| യ | ര | ല | വ | |
| ശ | ഷ | സ | ഹ | |
| ള | ഴ | റ | | |

# പഴയ ലിപികൾ

## സ്വരങ്ങളും സ്വരചിഹ്നങ്ങളും

അ ആ ഇ ഈ ഉ ഊ ഋ ഌ
എ ഏ ഐ
ഒ ഓ ഔ
ആ ാ പാ
ഇ ി പി
ഈ ീ പീ
ഉ ു, ു, ു, പു, കു, ത്തു, രു, നു
ഊ ൂ, ൂ, ൂ, പൂ, കൂ, ത്തൂ, രൂ, നൂ
ഋ ൃ പൃ
എ െ പെ
ഏ േ പേ
ഐ ൈ പൈ
ഒ െ ാ പൊ
ഓ േ ാ പോ
ഔ ൗ പൗ
അം ം പം
അഃ ഃ പഃ

## വ്യഞ്ജനങ്ങളും വ്യഞ്ജനചിഹ്നങ്ങളും

ക ഖ ഗ ഘ ങ യ ് യ പ്യ
ച ഛ ജ ഝ ഞ വ ് വ പ്വ
ട ഠ ഡ ഢ ണ റ ് ര പ്ര

ത ഥ ദ ധ ന മ് ം പം
പ ഫ ബ ഭ മ ർ ' പ്
യ ര ല വ (ല, ള) ല പ്ല (വ്ല)
ശ ഷ സ ഹ
ള ഴ റ

INSTITUTE OF CHILDREN'S ... Date ... TRIVANDRUM

ചില്ലുകൾ:- ൺ, ൻ, ർ, ൽ, ൾ

## കൂട്ടക്ഷരങ്ങൾ

| | | | | | |
|---|---|---|---|---|---|
| ക്ക | ങ്ക | ങ്ങ | ച്ച | ഞ്ച | ഞ്ഞ |
| ട്ട | ണ്ട | ണ്ണ | ത്ത | ന്ത | ന്ന |
| പ്പ | മ്പ | മ്മ | യ്യ | ല്ല | വ്വ |
| ന്ദ | ജ്ഞ | ഷ്ട | ല്ക | ഗ്ന | ഴ്മ |
| ഴ്ച | ത്ഭ | ന്മ | യ്ത | ഷ്ഠ | ല്പ |
| ക്ത | സ്പ | ഴ്ന | ത്മ | ണ്മ | യ്വ |
| ഷ്പ | ഢ | ച്ഛ | സ്ഥ | ശ്ന | ത്സ |
| ദ്ദ | സ്ത | ക്ട | ഷ്ഥ | ണു | മ്ന |
| സ്ക | ശ്മ | യ്ക | ക്ഷ | ശ്മ | ഷ്മ |
| ണ്ഡ | ഹ്ല | ന്ദ്ര | ശ്ശ | ജ്ജ | സ്ഥ |
| ഷ്ക | ബ്ധ | യ്മ | ക്ഷ്മ | റ്റ | ശ്ച |
| സ്സ | യ്പ | ഷ്ണ | ബ്ദ | ത്ന | ഞ്ജ |
| ഹ്മ | ന്ധ | സ്ന | ദ്ധ | ദ | പ്ത |
| ഹ്ന | ത്ഥ | സ്മ | ന്റ | ന്ഥ | |

STATE INSTITUTE OF CHILDREN'S LITERATURE
Date No — 990
TRIVANDRUM

INSTITUTE OF CHILDREN'S LITERATURE
Date Nov 920
STATE ... TRIVANDRUM

PRINTED BY THE MANAGING DIRECTOR, KERALA BOOKS AND PUBLICATIONS SOCIETY
AT THE TEXT BOOK PRESS, THRIKKAKARA, COCHIN-30